മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കിവരുന്ന ഏജൻസികൾ

*23 [525] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസേജന വകുപ്പിന്റെ നിയന്ത്രണത്തിൽ ഏതെല്ലാം ഏജൻസികളാണ് മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം പദ്ധതികൾ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന സന്നദ്ധസംഘടനകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) കൂടുതൽ തോതിൽ മഴവെള്ള സംഭരണം നടത്തുവാനും ജലക്ഷാമം ലഘൂകരിക്കുവാനുമായി സർക്കാർ നടപ്പിലാക്കുന്നതും ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ജലവിഭവ വകുപ്പ് സംസ്ഥാനത്ത് മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കാനും വ്യാപിപ്പിക്കാനുമായി രൂപം കൊടുത്തിട്ടുള്ള ആക്ഷൻ പ്ലാൻ നടത്തിപ്പിനുള്ള നോഡൽ ഏജൻസി ആയി കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ട്. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഭൂജല വകുപ്പും കേരള വാട്ടർ അതോറിറ്റിയും മഴവെള്ള സംഭരണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ആക്ഷൻ പ്ലാൻ നടപ്പിലാക്കുവാൻ ഓരോ ജില്ലയിലും ഓരോ മാസ്റ്റർ സന്നദ്ധ സംഘടനയെ തെരഞ്ഞെടുക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. അതനുസരിച്ച് 12 ജില്ലകളിൽ സന്നദ്ധസംഘടനകളെ തെരഞ്ഞെടുത്തിട്ടുണ്ട്. അവയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്†. ശേഷിക്കുന്ന രണ്ട് ജില്ലകളിൽ സന്നദ്ധ സംഘടനകളെ തെരഞ്ഞെടുക്കുന്ന നടപടി പുരോഗമിക്കുന്നു.

(സി) ആക്ഷൻ പ്ലാനിൽ 3.35 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്:

(i) മഴവെള്ള സംഭരണം/വിനിയോഗം എന്നിവയെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുക.

(ii) 700 മേസ്തിരിമാരെയും 350 ടെക്നിക്കൽ സൂപ്പർവൈസർമാരെയും പുതിയതായി പരിശീലിപ്പിക്കുക.

(iii) സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി മഴവെള്ള സംഭരണത്തിന്റെയും ഭൂജലപരിപോഷണത്തിന്റെയും ആയിരത്തോളം മാതൃകകൾ നിർമ്മിക്കുക.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(iv) വരൾച്ചയെ നേരിടുന്നതിനുള്ള പ്രാപ്തി സംസ്ഥാനത്തിന്റെ വിവിധ തലങ്ങളിൽ ഉണ്ടാക്കുക/മെച്ചപ്പെടുത്തുക.

(v) മഴവെള്ള സംഭരണത്തെയും ഭൂജലപരിപോഷണത്തെയും കുറിച്ചുള്ള കൈപ്പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക.

മഴവെള്ള സംഭരണ പദ്ധതിയും ഭൂഗർഭ ജലപരിരക്ഷ പദ്ധതികളും ആർട്ടിഫിഷ്യൽ റീചാർജിംഗ് പദ്ധതികളും ഭൂജലവകുപ്പും ചെറുകിട കുടിവെള്ള പദ്ധതികളോടനുബന്ധിച്ചുള്ള മഴവെള്ള സംഭരണം ഘടകമായിട്ടുള്ള ചെറുകിട പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയും കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയും ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നു.

ഗ്രൗണ്ട് വാട്ടർ സർവ്വേ

*24 [526] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രൗണ്ട് വാട്ടർ സർവ്വേ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലുള്ള ജലത്തിന്റെ ഗുണനിലവാരം, വാട്ടർ ലെവൽ, ജലത്തിന്റെ ദുരുപയോഗം എന്നിവയെ സംബന്ധിച്ച് എന്തെല്ലാം വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഭൂജലത്തിന്റെ ദുരുപയോഗം തടയുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): (എ) ഉണ്ട്. സംസ്ഥാനത്ത് കേന്ദ്ര ഭൂജല ബോർഡും ഭൂജലവകുപ്പും ചേർന്ന് ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ ശുപാർശകൾ അനുസരിച്ച് സംസ്ഥാനത്തെ വിവിധ ബ്ലോക്കുകളുടെ ഭൂജല ലഭ്യതയെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലെ ജലത്തിന്റെ ഗുണനിലവാരത്തെ കുറിച്ച് ഭൂജലവകുപ്പിന്റെ ലബോറട്ടറിയിൽ പഠനം നടത്തുന്നുണ്ട്. 304 സാധാരണ കിണറുകളും 447 കുഴൽ കിണറുകളും നിരീക്ഷിച്ച് ജലനിരപ്പിന്റെ പഠനം നടത്തുന്നുണ്ട്. വിവിധ പ്രദേശങ്ങളിലെ ഭൂജല ദുരുപയോഗത്തെക്കുറിച്ച് ഈ വിവരങ്ങൾ അറിവു നൽകുന്നു. 1999-ലെ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ റിപ്പോർട്ട് അനുസരിച്ച് കേരളത്തിലെ ആകെ ഭൂജല സമ്പോഷണം 6840.8 എം.സി.എം. ആയി കണക്കാക്കിയിരിക്കുന്നു. ആകെ ഭൂജല ലഭ്യത 6229.04 എം.സി.എം. ആണ്. കേരളത്തിലെ 151 ബ്ലോക്കുകളിൽ 3 ബ്ലോക്ക് അമിത ചൂഷിത വിഭാഗത്തിലും 6 ബ്ലോക്കുകൾ ക്രിട്ടിക്കൽ വിഭാഗത്തിലും 6 ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly